(d) The claims of Shri K. M. Abu Baker, Huzur Treasurer, Kozhikode for inclusion in the Deputy Tahsildar's list for 1959 was rejected both by the Board of Revenue and the Government as he was not found fit for inclusion on merits.

ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : ഗവണ്മെൻറിന്റെ ഈ ഉത്തരവു നടപ്പിൽവരുത്തുവാൻ കാലതാമസം നേരിട്ടതുകൊണ്ടു് പല ഉദ്യോഗസ്ഥന്മാക്കും അതിന്റെ ആനുകൂല്യം കിട്ടാതെ പോകുന്നുവെന്നുള്ള വസ്തുത ഗവണ്മെൻറിനറിയാമോ ?

ശ്രീ. പി. ടി. ചാക്കോ : ഈ ഉത്തരവു പരിഗണനയിൽ വച്ചുകൊണ്ടു് പ്രമോഷൻ കൊടുക്കുന്നതുകൊണ്ടു് ഉദ്യോഗസ്ഥന്മാക്ക് ആനുകൂല്യം കിട്ടുന്നുണ്ടു്.

SHORT NOTICE

QUESTIONS AND ANSWERS

പ്രാസിക്യൂഷൻ നടപടികൾ.

* 853. [7] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ഏപ്രിൽ മുതൽ സെപ്റ്റംബർ 30–ാം തീയതി വരെ തൊഴിൽ തർക്കങ്ങളെ തുടർന്നുണ്ടായിട്ടുള്ള ഒത്തുതീർപ്പുവ്യവസ്ഥകൾ ലംഘിച്ചതിനു് എത്ര തൊഴിലുടമകളുടെ പേരിൽ പ്രാസിക്യൂഷൻ നടപടികൾ സ്വീകരിച്ചിരുന്നു ;

(ബി) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽപ്പെട്ട തട്ടിൽ റബ്ബർ എസ്റ്റേറ്റു മാനേജ്മെൻറിന്റെ പേരിൽ എന്തെങ്കിലും ശിക്ഷണനടപടികൾ സ്വീകരിച്ചിരുന്നോ;

(സി) ഉണ്ടെങ്കിൽ അത്തരത്തിലൊരു നടപടി സ്വീകരിക്കുവാനുണ്ടായ കാരണമെന്തു് ;

(ഡി) ഈ നടപടി ഇപ്പോൾ ഗവണ്മെൻറു് പിൻവലിച്ചുവോ ;

(ഈ) എങ്കിൽ അതിനുള്ള കാരണമെന്തു് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) രണ്ടു് തൊഴിലുടമകളുടെ പേരിൽ.

(ബി) പ്രസ്തുത മാനേജ്മെൻറിന്റെ പേരിൽ തൃശ്ശൂർ അസിസ്റ്റൻറു് ലേബർ ആഫീസർ, എറണാകുളം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ മുമ്പാകെ ഒരു കേസു് ഫയൽ ചെയ്തിരുന്നു.

(സി) തൊഴിലാളികൾതന്നെ പാർട്ടിസൗകര്യങ്ങളെ സംബന്ധിച്ചു് പ്ലാന്റേഷൻ ലേബർ ആക്റ്റിന്റെ 16–ാം വകുപ്പു്, കേരള പ്ലാന്റേഷൻ റൂൾസിലെ 55–ാം 56–ാം വകുപ്പുകൾ ലംഘിച്ചു എന്ന കാരണത്താൽ.

(ഡി) ഈ കേസു് പിൻവലിക്കാൻ ലേബർ കമ്മീഷണറോടു് നിർദ്ദേശിച്ചിട്ടുണ്ടു്.

(ഇ) നിയമപ്രകാരമുള്ള എല്ലാ നടപടികളും കാലവിളംബമെന്യേ ചെയ്തു തീർക്കാറാകുമെന്നു് മാനേജ്മെൻറു് ഗവണ്മെൻറിനു് ഉറപ്പു നൽകിയിട്ടുണ്ടു്. കൂടാതെ കോടതിയിൽ കൊടുത്തിട്ടുള്ള പ്രോബേറ്റു് പെറ്റീഷനിൽ ഉത്തരവാകാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടുകളും തോട്ടം ഉടമ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടു്. ഇവകളെല്ലാം കണക്കിലെടുത്തുകൊണ്ടാണു് കേസു് പിൻവലിക്കാൻ തീരുമാനിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഇങ്ങനെ തൊഴിലുടമയുടെ പേരിൽ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചപ്പോൾ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെ ആലോചിച്ചിട്ടുണ്ട്. ഉടമയുടെ ഭർത്താവ് മരിച്ചുപോയതുകൊണ്ട് ഇപ്പോഴും പണം കിട്ടുവാൻ നിവൃത്തിയില്ല. അവർ കോടതിയോട് അപേക്ഷിച്ചിരിക്കുകയാണ്. കോടതി വിധി ഉണ്ടായാൽ ഉടനെതന്നെ കൊടുക്കാമെന്ന് സമ്മതിച്ചിരിക്കുകയുമാണ്. അതിലേക്ക് കുറെ സമയം കൊടുത്തിരിക്കുകയാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഈ കേസ് പിൻവലിക്കുന്നതു് തൊഴിലാളികളുടെ യൂണിയന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ടോണോ ?

ശ്രീ. കെ. ടി. അച്യുതൻ : അതനുസരിച്ചാണ് കേസ് പിൻവലിക്കാൻ ലേബർ കമ്മീഷണരോട് നിർദ്ദേശിച്ചിരിക്കുന്നതു്.

ശ്രീ. പി. ബാലചന്ദ്രമേനോൻ : അഭിപ്രായവ്യത്യാസം ഉള്ള തൊഴിലാളികളുടെ പേരിൽ കേസ് എടുക്കുക എന്നതു് ഒരു നയമായി ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : ഒരിക്കലുമില്ല. പക്ഷേ, അവരുടെ പ്രവർത്തികളുടെ നേരെ കണ്ണുമടച്ചുകൊണ്ട് പോകുവാൻ പ്രയാസമാണ്.

ശ്രീ. ആർ. സുഗതൻ : കൊച്ചിൻ മാലിയബിം കമ്പനിയിലെ ഒരാളെ ഇങ്ങനെ അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ പ്രോസിക്യൂട്ട ചെയ്യാൻ പോകുന്നതു തടയുവാൻ ഗവണ്മെന്റ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ?

ശ്രീ. കെ. ടി. അച്യുതൻ : ലേബർ മിനിസ്റ്റർ നേരിട്ടു ചെന്നു സംസാരിച്ച് വേണ്ട ഉപദേശം നൽകിയിരിക്കുകയാണ്.

കല്പന തുടർച്ചയായി ലംഘിക്കുന്ന സ്കൂൾ മാനേജർ,

* 854. [15] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു അദ്ധ്യാപികയെ അകാരണമായി പിരിച്ചുവിടുകയും അവരെ തിരിച്ചെടുക്കാൻ ഡിപ്പാർട്ടുമെന്റും ഹൈക്കോടതിയും ആജ്ഞാപിച്ചിട്ടും ഇന്നിയും നടപ്പാക്കാതിരിക്കുകയും ചെയ്യുന്ന കോഴിക്കോട് ജില്ലയിലെ കാച്ചിലാട്ട യു. പി. സ്കൂൾ മാനേജരുടെ പേരിൽ കർശന നടപടികളെടുക്കാത്തതെന്തുകൊണ്ട് ;

(ബി) ഈ സ്കൂളിന്റെ അംഗീകാരം പിൻവലിച്ച് മറ്റാർക്കെങ്കിലും പുതുതായ അംഗീകാരം കൊടുക്കുകയോ ഗവണ്മെന്റ് നേരിട്ട് മാനേജ്മെന്റ് ഏറ്റെടുക്കുകയോ ചെയ്യാനുള്ള സത്വര നടപടികളെടുക്കാൻ ദയവുണ്ടാകുമോ ;

(സി) ഈ സ്കൂളിലെ ആകെ ടീച്ചർമാർ, വിദ്യാർത്ഥികൾ, സ്കൂൾസ്ഥല സൗകര്യം ഇവയെത്ര ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) കോടതി വിധിയനുസരിച്ച് ഡിപ്പാർട്ടുമെന്റ് നടപടി കൈക്കൊണ്ടു തുടങ്ങി മാനേജർ ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ ഉടൻതന്നെ അപ്പീൽ ബോധിപ്പിച്ചു. അതിനാൽ ഡിപ്പാർട്ടുമെന്റ് തൽക്കാലം നടപടി നിറുത്തിവച്ചു, ഹൈക്കോടതിയുടെ അപ്പീൽ വിധിയനുസരിച്ച് നടപടികൾ വീണ്ടും തുടങ്ങുന്നതാണ്.

(ബി) 'എ' ഉത്തരത്തിന്റെ വെളിച്ചത്തിൽ മറ്റു നടപടികൾ ഉടനെ തുടരാവുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly